## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 86.** **28.05.2019 ൽ മറുപടിയ്ക്ക്**

### വിമാനത്താവളങ്ങളിലൂടെയുള്ള മയക്കമരുന്ന് കടത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അടൂർ പ്രകാശ്** | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | അന്താരാഷ്ട്ര ബന്ധമുള്ള മയക്കമരുന്ന് കള്ളക്കടത്തുകാരുടെ പ്രവർത്തനം സംസ്ഥാനത്തെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വർഷം ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | വിമാനത്താവളം വഴി മറ്റ് രാജ്യങ്ങളിലേയ്ക്ക് മയക്കമരുന്ന് കടത്തുവാനുള്ള ശ്രമം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം മയക്കമരുന്ന് കടത്ത് കർശനമായി തടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | വിമാനത്താവളം വഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതും, മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതും പിടിച്ചെടുക്കുന്നതിന് വിമാനത്താവളങ്ങളുടെ പരിസരങ്ങളുമായി ബന്ധപ്പെട്ടും ദേശീയ പാതകളിലും വാഹന പരിശോധന നടത്തിവരുന്നുണ്ട്. ലഹരി മാഫിയയ്ക്കെതിരെ യുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ Kerala Anti-Narcotic Special Action Force (KANSAF) നിലവിലുണ്ട്. കൂടാതെ ജില്ലകൾ കേന്ദ്രീകരിച്ച് District Anti-Narcotic Special action Force (DANSAF) രൂപീകരിച്ച് പ്രവർത്തിക്കുന്നുമുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. കൂടാതെ കേന്ദ്ര/സംസ്ഥാന ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധനകളും, രഹസ്യ വിവരങ്ങൾ പരസ്പരം പങ്കുവയ്ക്കലും നടത്തിയും മുൻ കേസ്സുകളിലെ കുറ്റവാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചും തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | അന്താരാഷ്ട്ര ബന്ധമുള്ള കള്ളക്കടത്തുകാർ ഉൾപ്പെട്ട എത്ര കേസുകൾ ഈ വർഷം കണ്ടെത്തിയിട്ടുണ്ട്; വിമാനത്താവളങ്ങളിലെ മയക്കുമരുന്ന് കള്ളകടത്ത് നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ ഏജൻസികളുടെ സഹായം നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | രണ്ട് കേസുകൾ എക്സൈസ് വകുപ്പും, നാല് കേസുകൾ എയർപോർട്ട് സുരക്ഷാ വിഭാഗവും, കസ്റ്റംസും ഈ വർഷം കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സെൻട്രൽ ഐ.ബി., എയർപോർട്ട് ഇന്റലിജൻസ് എന്നീ ഏജൻസികളുടെ സഹായം തേടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**